## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 4832 — 19.05.2017 ൽ മറുപടിക്ക്

### തൊഴിൽ തർക്കങ്ങൾ

**ചോദ്യം**

ശ്രീ.പി.ഉബൈദുള്ള

(എ) 1969-ലെ സംഹകരണസംഘങ്ങൾ ആക്ടിലെ 69(1)(സി) വകുപ്പനുസരിച്ച് പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളിലെയും പൊതുമേഖലാ വ്യവസായസ്ഥാപനങ്ങളിലെയും തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള അധികാരം ഇപ്പോൾ ആർക്കാണ്; ഇതു സംബന്ധിച്ച പുതിയ ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ; പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) തൊഴിൽ വകുപ്പ് മധ്യസ്ഥത വഹിച്ചിരുന്ന തർക്കങ്ങൾ, ദീർഘകാലകരാറുകൾ, ആനുകൂല്യങ്ങൾ ഉറപ്പുവരുത്തൽ എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള അധികാരം തൊഴിൽ വകുപ്പിനുതന്നെ നൽകി പുന:സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ തൊഴിൽ സംബന്ധമായ തർക്കങ്ങൾ തൊഴിൽ വകുപ്പിനു കീഴിൽത്തന്നെ പരിഹരിക്കുന്നതിനും തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

**ഉത്തരം**

ശ്രീ.ടി. പി. രാമകൃഷ്ണൻ
(ബഹു.തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

എ) ചിറയിൻകീഴ് സർവ്വീസ് സഹകരണ സംഘം Vs കെ.സന്തോഷ് എന്ന കേസിൽ ബഹു. ഹൈക്കോടതിയുടെ വിധിന്യായപ്രകാരം (2015 (4) KLT 163) 1969-ലെ സഹകരണ സംഘനിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട തർക്കങ്ങളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ലേബർ കോടതികൾക്ക് അധികാരമില്ല എന്നും ഇതിനായി സഹകരണ നിയമത്തിൽ തന്നെ പരിഹാരവ്യവസ്ഥകൾ നിർദ്ദേശിച്ചിട്ടുണ്ട് എന്നും ഉത്തരവായിരുന്നു. ആയതിനാൽ 1969-ലെ കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും തൊഴിൽ പരമായ തർക്കങ്ങൾ ഉൾപ്പെടെ എല്ലാ ധനേതര തർക്ക പരിഹാരങ്ങളും ടി നിയമത്തിലെ വകുപ്പ് 69 പ്രകാരം രൂപീകൃതമായിട്ടുള്ള സഹകരണ ആർബിട്രേഷൻ കോടതിയിലാണ് നിക്ഷിപ്തമായിട്ടുള്ളത്

ഇത് സംബന്ധിച്ച് പുതിയ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല.

ബി & സി) ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ